(ഐ) ഇന്ത്യാ ഗവൺമെന്റിന്റെ സമഗ്ര പോഷകാഹാര പദ്ധതി ആരംഭിക്കും മുമ്പ് സംസ്ഥാനത്ത് നിലനിന്നിരുന്ന പദ്ധതിയുടെ ഗുണഭോക്താക്കളായിരുന്ന 6-7 ക്ളാസുകളിലെ വിദ്യാർത്ഥികളെക്കൂടെ ഉൾപ്പെടുത്തി പദ്ധതി വ്യാപിപ്പിക്കുകയും 60 ഗ്രാം അരിയും, സംസ്ഥാന ഗവൺമെന്റ് വിഹിതമായ പോഷകമൂല്യം കൂടുതലുള്ള 30 ഗ്രാം പയറോ, മറ്റ് പയറുൽപ്പന്നങ്ങളോ ചേർത്ത് പാകംചെയ്തശേഷം ഭക്ഷണം 1 മുതൽ 7 വരെ ക്ളാസ്സുകളിലെ കുട്ടികൾക്ക് നൽകുന്നു. ഇന്ത്യാ ഗവൺമെന്റ് അനുവദിച്ചതിൽനിന്നും സിവിൽസപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുക്കുന്ന അരിക്ക് കടത്ത് കൂലിയായി ക്വിന്റലിന് 140 രൂപ സംസ്ഥാന സർക്കാർ നൽകുന്നു. ഉച്ച ഭക്ഷണം തയ്യാറാക്കുന്നതിനുള്ള പാചകക്കൂലി അടക്കമുള്ള കണ്ടിജൻസി ചാർജ്ജും നൽകുന്നു. പയറുൽപ്പന്നങ്ങളുടേയും ഭക്ഷ്യഎണ്ണയുടേയും വില സിവിൽ സപ്ലൈസ് കോർപ്പറേഷനു നൽകുന്നു. ഇന്ത്യാ ഗവൺമെന്റ് അനുവദിക്കുന്ന അരിയോടൊപ്പം സംസ്ഥാനസർക്കാർ പൊതുവിതരണ ശൃംഖലയിൽ നിന്നും വിലയ്ക്കെടുക്കുന്ന അരിയും ചേർത്ത് ദൈനംദിന ഭക്ഷണവിതരണത്തിനുപുറമെ, ഓണം, ക്രിസ്തുമസ്, റംസാൻ എന്നീ അവസരങ്ങളിൽ കുട്ടി ഒന്നിന് ഓരോ വിശേഷ ദിവസത്തിനും 5 കിലോഗ്രാം അരി വീതം സൗജന്യമായി നൽകുന്നു.

ഉച്ചക്കഞ്ഞിക്കുള്ള കേന്ദ്രസഹായം

45(425) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ബാലറാം :
ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികൾക്ക് സൗജന്യമായി ഭക്ഷണം വിതരണം ചെയ്യുന്നതിന് കേന്ദ്രഗവൺമെന്റിൽനിന്നും എത്ര ടൺ അരിവീതമാണ് പ്രതിവർഷം സംസ്ഥാനത്തിന് ലഭിക്കുന്നത് ;

(ബി) ഇത് എന്നുമുതലാണ് ലഭിക്കാൻ തുടങ്ങിയതെന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ വർഷവും എത്ര വിദ്യാർത്ഥികൾക്കു വീതം ഭക്ഷണം നൽകുന്നതിനാണ് കേന്ദ്രഗവൺമെന്റ് അരി നൽകുന്നത് ;

(ഡി) ഓരോ വർഷവും എത്ര വിദ്യാർത്ഥികൾക്കുവീതം ഭക്ഷണം നൽകി ;

(ഇ) ഓരോ വിദ്യാർത്ഥികൾക്കും പ്രതിദിനം എത്ര അരിയാണ് കേന്ദ്രം അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇതിൽ പ്രതിദിനം എത്ര ഗ്രാം അരിയാണ് ഓരോ കുട്ടിയുടേയും ഭക്ഷണത്തിനായി വിനിയോഗിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) വിദ്യാർത്ഥികൾക്കു ഭക്ഷണം നൽകുന്നതിന് ഓരോ വർഷവും എത്ര ടൺ അരിവീതം വേണ്ടിവന്നു വെന്ന് വെളിപ്പെടുത്തുമോ ;

(എച്ച്) കേന്ദ്രം അനുവദിച്ചതിൽ നിന്ന് അരി മിച്ചം വന്നിട്ടുണ്ടോ ; എങ്കിൽ മിച്ചം വന്ന അരി എന്തു ചെയ്തുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്കൂൾകുട്ടികൾക്ക് സൗജന്യമായി ഉച്ചഭക്ഷണം വിതരണം ചെയ്യുന്നതിന് 1995-96 വർഷം 5127,585 മെട്രിക് ടൺ അരിയും 1996-97 വർഷം 7466.649 മെട്രിക് ടൺ അരിയും 1997-98 വർഷം 62797.076 മെട്രിക് ടൺ അരിയും 1998-99 വർഷം 48022.880 മെട്രിക് ടൺ അരിയും 1999-2000 വർഷം 49853.100 മെട്രിക് ടൺ അരിയും 2000-2001 വർഷത്തേയ്ക്ക് 49835.100 മെട്രിക് ടൺ അരിയും (താൽക്കാലിക അലോട്ട്മെന്റ്) മാണ് കേന്ദ്രഗവൺമെന്റ് അനുവദിച്ചിട്ടുള്ളത്.

(ബി) 1995-96, 1996-97 വർഷങ്ങളിൽ ഭാഗികമായും 1997-98 വർഷം മുതൽ പൂർണ്ണമായും വിഭിച്ചുതുടങ്ങി.

(സി) 1995-96 വർഷം 366592 വിദ്യാർത്ഥികൾക്കും 1996-97 വർഷം 357739 വിദ്യാർത്ഥികൾക്കും 1997-98 വർഷം 2616547 വിദ്യാർത്ഥികൾക്കും 1998-99 വർഷം 2401144 വിദ്യാർത്ഥികൾക്കും1999-2000 വർഷം 2492655 വിദ്യാർത്ഥികൾക്കും ഭക്ഷണം നൽകുന്നതിനുള്ള അരിയാണ് കേന്ദ്രഗവൺമെന്റ് നൽകിയിട്ടുള്ളത്.

(ഡി) 1995-96 വർഷം 352667 വിദ്യാർത്ഥികൾക്കും 1996-97 വർഷം 348747 വിദ്യാർത്ഥികൾക്കും 1997-98, വർഷം 2475681 വിദ്യാർത്ഥികൾക്കും 1998-99 വർഷം 2358443 വിദ്യാർത്ഥികൾക്കും 1999-2000 വർഷം 2483599 വിദ്യാർത്ഥികൾക്കും ഭക്ഷണം നൽകിയിട്ടുണ്ട്.

(ഇ) ഓരോ വിദ്യാർത്ഥിക്കും പ്രതിദിനം 100 ഗ്രാം അരിയാണ് കേന്ദ്രഗവൺമെന്റ് അനുവദിച്ചിട്ടുള്ളത്.

(എഫ്) നിലവിലുള്ള ഉച്ചഭക്ഷണപരിപാടിയിൽ ഓരോ വിദ്യാർത്ഥിക്കും പ്രതിദിനം 60 ഗ്രാം അരിയാണ് ഭക്ഷണത്തിനായി വിനിയോഗിക്കുന്നത്.

(ജി) 1995-96 വർഷം 5127.585 മെട്രിക് ടൺ അരിയും 1996-97 വർഷം 7466.649 മെട്രിക് ടൺ അരിയും 1997-98 വർഷം 60763.976 മെട്രിക് ടൺ അരിയും 1998-99 വർഷം 42987.433 മെട്രിക് ടൺ അരിയും 1999-2000 വർഷം 49441.797 മെട്രിക് ടൺ അരിയും വിദ്യാർത്ഥികൾക്ക് ഭക്ഷണം നൽകുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്.

(എച്ച്) കേന്ദ്രം നൽകിയ അരിയിൽ മിച്ചം വന്നിട്ടില്ല. കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച അരിയും സംസ്ഥാനസർക്കാർ പൊതുവിതരണശൃംഖലയിൽ നിന്നും വിലയ്ക്കെടുത്ത അരിയും ചേർത്ത് ശരാശരി 185 സാദ്ധ്യായദിവസങ്ങളിലെ ഉച്ചക്കഞ്ഞി വിതരണവും അതിനുപുറമെ ഓണം ക്രിസ്തുമസ്. റംസാൻ എന്നീ വിശേഷ അവസരങ്ങളിൽ 5 കിലോഗ്രാം അരിവീതം (കുട്ടി ഒന്നിന് 3x5= 15 കിലോ) സൗജന്യവിതരണവും നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly